**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **05-02-2026 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണ രീതിയുടെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന നിലവിലെ രീതി പരിഷ്കരിക്കണമെന്ന കർഷക സംഘടനകളുടെ ആവശ്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന നിലവിലെ രീതി പരിഷ്കരിക്കുന്നതിനായി കർഷക സംഘടനകളുടെ ആവശ്യപ്രകാരം സഹകരണ മേഖലയെ കൂടി നെല്ല് സംഭരണ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നതുമായി ബന്ധപ്പെട്ട് 05/01/2026 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും 16/01/2026 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും ഉന്നതതല യോഗം ചേർന്നിട്ടുണ്ട്. 05/01/2026 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം നെല്ല് സംഭരണത്തിനുള്ള സംസ്ഥാന ഏജൻസി ആയി സപ്ലൈകോയെ നിലനിർത്തിക്കൊണ്ടും സഹകരണ സംഘങ്ങളും നോഡൽ സഹകരണ സംഘങ്ങളും മുഖേന നെല്ല് സംഭരിച്ചുകൊണ്ടും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭിക്കാനുതകുന്ന ഒരു സ്കീം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും സഹകരണ സംഘങ്ങളുടെയും നോഡൽ സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്ന സ്കീം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, ഈ വരുന്ന വിളവെടുപ്പ് സീസണിൽ പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനും സ്കീം സംബന്ധിച്ച പ്രവർത്തന ചട്ടക്കൂടും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ധനകാര്യം, കൃഷി, ഭക്ഷ്യ-സിവിൽ സപ്ലൈസ്, തദ്ദേശ-സ്വയംഭരണം, സഹകരണം വകുപ്പ് സെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും സഹകരണ വകുപ്പ് 14/01/2026 ലെ സ.ഉ(കൈ)നം. 2/2026/Co-opനമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കൂടാതെ സപ്ലൈകോയുടെ ഗോഡൗണുകളിലോ, |

| | | | |
|---|---|---|---|
| | | | സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലോ നെല്ല് സംഭരിക്കുന്നതിന് സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ സംസ്ഥാനത്തെ കർഷകരിൽ നിന്ന് സപ്ലൈകോ മുഖേന 20.10.2025 മുതൽ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് ₹30/- ആയി വർദ്ധിപ്പിച്ചിട്ടുണ്ട് |
| (ബി) | നെല്ല് സംഭരിക്കുന്ന സമയത്തുതന്നെ കർഷകർക്കു വില നൽകാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവില (MSP) നെല്ല് സംഭരണം നടക്കുന്ന സമയത്തുതന്നെ ലഭ്യമാകാത്ത സാഹചര്യം ഉള്ളതുകൊണ്ടാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനുവേണ്ടി സപ്ലൈകോ പി.ആർ.എസ് വായ്പാപദ്ധതി മുഖാന്തിരം തുക നൽകുന്നത്. നിലവിൽ നെല്ല് സംഭരണം നടന്നതിനുശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾവഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതുവിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ ത്രൈമാസ കണക്കുകൾ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക സപ്ലൈകോയ്ക്ക് ലഭ്യമാകുന്നത്. സാധാരണഗതിയിൽ നെല്ല് സംഭരണ സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മേൽ പ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.കരാറിൽ ഏർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖേന PRS (Paddy Receipt Sheet) വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അനുവദിക്കുന്നു. |
| (സി) | സംഭരിക്കുന്ന നെല്ലിൽ നിന്നുള്ള അരി പ്രത്യേക ബ്രാൻഡിൽ പൊതു വിപണിയിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | **കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി** (CMR) പൊതുവിതരണ സംവിധാനത്തിലൂടെ (റേഷൻ കട) **വിതരണം ചെയ്യുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി. ടി പദ്ധതി നടപ്പിലാക്കുന്നതിനായി കേരളസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന നോഡൽ ഏജൻസി മാത്രമാണ് സപ്ലൈകോ. ആയതിനാൽ സപ്ലൈകോ കർഷകനിൽ നിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി പ്രത്യേക ബ്രാൻഡിൽ പൊതു വിപണിയിൽ ലഭ്യമാക്കാൻ സാധിക്കുകയില്ല.** |

| | | | |
|---|---|---|---|
| | | | **പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS ) മുഖേനയുള്ള നെല്ല് സംഭരണത്തിൽ 'കെ റൈസ്' കേരളത്തിന്റെ സ്വന്തം അരി പുറത്തിറക്കാനുള്ള സാധ്യത പരിശോധിക്കുന്നതാണ്** |

സെക്ഷൻ ഓഫീസർ